# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2244** **11-2-2020 - ൽ മറുപടിയ്ക്ക്**

**ഉപഭോക്താക്കളുടെ അവകാശസംരക്ഷണം**

**ചോദ്യം** **മറുപടി**

**ശ്രീ.റ്റി.വി.രാജേഷ്**
**,, കെ. ബാബു**
**,, കെ.യു. ജനീഷ് കുമാർ**
**,, കാരാട്ട് റസാഖ് :**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (എ) | ഉപഭോക്താക്കൾക്ക ശരിയായ അവബോധം നൽകുന്നതിനും, ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി 'ഉപഭോക്തൃ കേരളം' എന്ന പേരിൽ ദ്വൈമാസിക പ്രസിദ്ധീകരിച്ചു വരുന്നു. ഗ്രാമങ്ങളിൽ പോലും ഉപഭോക്തൃ ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി ഒരു ബോധവൽക്കരണ വാഹനം തയ്യാറാക്കി സംസ്ഥാനമൊട്ടാകെ പര്യടനം നടത്തി വീഡിയോ പ്രദർശനത്തിലൂടെ ഉപഭോക്തൃ ബോധവൽക്കരണം നടത്തി വരുന്നു. ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം നൽകുന്ന തെരുവു നാടകവും സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രദർശനം നടത്തി വരുന്നു. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന അഞ്ചു പരസ്യ ചിത്രങ്ങൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിച്ചു വരുന്നു. എഫ്. എം. റേഡിയോ, ആകാശവാണി, പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലൂടെ പരസ്യങ്ങളും നൽകി വരുന്നു. ഹോർഡിങ്ങുകൾ, ട്രാൻസ്പോർട്ട് ഹബുകളിലെ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി ജില്ലാതല സഹായക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ജില്ലാതല ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു ഇടുക്കി കോഴിക്കോട് ജില്ലകളിൽ ഉടൻ ആരംഭിക്കുന്നതാണ്. മറ്റു ജില്ലകളിൽ ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഉപഭോക്താക്കളുടെ സൗകര്യത്തിനായി സംസ്ഥാന തലത്തിൽ റിസോഴ്സ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാന തലത്തിൽ റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉപഭോക്തൃ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ഈ ക്ലബ്ബുകൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകി വരുന്നു. എല്ലാ ജില്ലകളിലും സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ